100 (602) **പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതന് യാത്രപ്പടി നൽകുന്നതിനുള്ള കാലതാമസം പരിഹരിക്കുവാൻ നടപടി**

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.9.1996-ൽ കാസർഗോഡ് ജില്ലയിലെ ഉദുമ ഗവൺമെന്റ് ഹൈസ്കൂളിൽ റവന്യൂ വകുപ്പിൽ വില്ലേജുമാൻ തസ്തികയിലേക്ക് പി. എസ്.സി. പരീക്ഷയെഴുതിയ ആലപ്പുഴ ജില്ലയിൽ വള്ളിക്കുന്നം കോടംവിളയിൽ (താളിരാടി) എൻ. സോളമൻ എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതന് വള്ളിക്കുന്നം പഞ്ചായത്തിൽ നിന്നും യാത്രപ്പടി നൽകുന്നതിന് കാലതാമസം വരുത്തിയതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉദ്യോഗാർത്ഥിക്ക് എത്രയും വേഗം യാത്രപ്പടി ലഭിക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ശ്രീ. ജി. സോളമൻ, കോടംവിളയിൽ, ആളിരാടി, വള്ളിക്കുന്നം, ആലപ്പുഴ എന്ന പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥിക്ക് 5.8.1996-ൽ പി. എസ്.സി. മുഖേന വനംവകുപ്പിൽ ഡിപ്പോ വാച്ചർ തസ്തികയിൽ എഴുത്തുപരീക്ഷയ്ക്ക് പാലക്കാട് ചേർപ്പുളശ്ശേരി വി.എച്ച്.എസ്.എസി.ൽ പോയതിന് 140/-രൂപയും 17.9.1996-ൽ കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ഹൈസ്കൂളിൽ റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയിൽ പി.എസ്.സി. പരീക്ഷ എഴുതുന്നതിനു പോയ ഇനത്തിൽ 202/-രൂപയും നൽകണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. ഇതിൽ 140/- രൂപ 31.3.1998-ൽ പഞ്ചായത്തിൽ നിന്നും നൽകിയ ചെക്കു പ്രകാരം ഉദ്യോഗാർത്ഥി കൈപ്പറ്റിയിരുന്നു. 1997-98 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും യാത്രപ്പടി ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായിരുന്നതിനാൽ രണ്ടാമത്തെ ക്ലെയിം ആയ 202/-രൂപ നൽകുവാൻ കഴിഞ്ഞില്ല. 1998-99 സാമ്പത്തിക വർഷത്തിലെ അലോട്ട്മെന്റിൽ യാത്രപ്പടിയിനത്തിൽ തുക ലഭിക്കുകയും ആയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. 17.6.1999-ലെ എ3-272/99 നമ്പർ കത്തു മുഖേന പ്രസ്തുത യാത്രപ്പടി തുക കൈപ്പറ്റുന്നതിന് ഗുണഭോക്താവിനെ നേരിട്ട് ഹാജരാകാൻ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

101 (603) **അവകാശജാഥ**

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ ആന്റ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ അവകാശജാഥ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly